

"എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു."
(യോഹ. 14:27)

സൺഡേ ശാലോം ™

2011 ഏപ്രിൽ 17 ഞായർ

രക്ഷാധികാരി : ഡോ. ഗീവർഗീസ് മാർ ദിവന്നാസിയോസ്
ചീഫ് എഡിറ്റർ : ബെന്നി പുന്നത്തറ
അസോസിയേറ്റ് എഡിറ്റർ : ഫാ. ജോസഫ് വയലിൽ സി.എം.ഐ.
ഡപ്യൂട്ടി എഡിറ്റർ : സ്റ്റെല്ല ബെന്നി
ജനറൽ എഡിറ്റർ : ഫാ. റോയ് വർഗീസ് പാലാട്ടി സി.എം.ഐ,
അസിസ്റ്റന്റ് എഡിറ്റർ : ജയ്മോൻ കുമരകം
സീനിയർ സബ് എഡിറ്റർ : ബിജു സെബാസ്റ്റ്യൻ
കോൺട്രിബ്യൂട്ടിംഗ് എഡിറ്റേഴ്സ് : ടി.ദേവപ്രസാദ്
: പ്രഫ.കെ.എം ഫ്രാൻസീസ്

ഒറ്റപ്രതി വില : 5.00 രൂപ
വാർഷികവരിസംഖ്യ (തപാലിൽ) : 250 രൂപ
അർദ്ധവാർഷികം : 125 രൂപ
വിദേശത്തേക്ക് : 3000 രൂപ

വിലാസം:
പെരുവണ്ണാമൂഴി– 673 528, കോഴിക്കോട്, കേരള
ഫോൺ: (0496) 2664600 ഫാക്സ്: (0496) 2664680
E-mail: sunday@shalomonline.net Web: www.shalomonline.net

© 2010 All Rights Reserved to Shalom Trust.
Warning: Reproduction of these materials in any manner whatsoever without the written permission of Shalom Trust is strictly forbidden.

"ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ."
(ലൂക്കാ. 1:38)

### അമ്മയ്ക്കരികെ

### വിശുദ്ധവാരം വിശുദ്ധമായി ആചരിക്കാൻ പ്രാർത്ഥിക്കണമേ

കാൽവരിയിലെ കദനപുഷ്പമേ, ഉള്ള് പൊള്ളയായ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അപ്പുറമായി കാൽവരിയാഗത്തിന്റെ അർത്ഥമറിഞ്ഞ്, അതിനെ ഉൾക്കൊള്ളുവാൻ കഴിയത്തക്കവിധത്തിൽ, വിശുദ്ധവാരത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഞങ്ങളുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തണമേയെന്ന് അമ്മയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.




▶▶ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ OFM.Cap.

## പീഡാനുഭവ രംഗങ്ങളിലൂടെ

കർത്താവിന്റെ പീഡാനുഭവത്തെയും കുരിശുമരണത്തെയും പുനരുത്ഥാനത്തെയുമൊക്കെ ധ്യാനിക്കുന്ന അവസരമാണല്ലോ നോമ്പുകാലം. പല വ്യക്തികളും സ്ഥലങ്ങളുമൊക്കെ നമ്മുടെയുള്ളിൽ മിന്നിമറയുന്ന അവസരവുമാണിത്. കർത്താവ് രക്തംവിയർത്ത ഗത്സമേൻ തോട്ടം നമ്മുടെയൊക്കെയിടയിലുണ്ട്. അടുത്ത നിമിഷത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന പിരിമുറുക്കത്തെയോർത്ത് അസ്വസ്ഥരാകുന്നവരില്ലേ? കടബാധ്യത, രോഗം, ജീവിതത്തിലെ ഇതര പ്രതിസന്ധികൾ എന്നിവയ്ക്കിടയിൽ ഞെളിപിരികൊള്ളുന്നവരെല്ലാം ഗത്സമേൻ അനുഭവങ്ങളിലൂടെ കടന്നുപോകുന്നവരാണ്. അകന്നു പോകണമേയെന്നാശിക്കുന്ന ഒരുപിടി പാനപാത്രങ്ങൾക്കു മുമ്പിൽ വിറങ്ങലിച്ചു നിൽക്കുന്നവരുടെ ലോകമാണിത്. മനുഷ്യന്റെ ഉപദേശങ്ങൾ മനസിനെ അസ്വസ്ഥമാക്കുമ്പോൾ ദൈവത്തിന്റെ മുഖത്തുനിന്നും ഉത്തരം തേടി ആശ്വാസം കണ്ടെത്തുവാൻ ഗത്സമേൻ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

ഗത്സമേനിൽവച്ച് യൂദാസ് യേശുവിനെ ഒറ്റിക്കൊടുത്തു. നമ്മളിലെല്ലാം ഒളിഞ്ഞിരിക്കുന്ന ഒരു മുഖമാണ് യൂദാസിന്റേത്. ശിക്ഷണം സ്വീകരിക്കാത്ത ഒരു ശിഷ്യന്റെ തകർച്ച യൂദാസിൽ നാം കാണുന്നു. മറ്റുള്ളവരിലെ പിശാചുക്കളെ ബഹിഷ്കരിച്ചിട്ടും തന്റെയുള്ളിലുള്ള പിശാചിനെ ബഹിഷ്ക്കരിക്കാൻ മറന്നവനാണ് യൂദാസ്.

ചഞ്ചലചിത്തനായ പത്രോസിൽ രണ്ട് സ്വഭാവങ്ങൾ ഒളിച്ചിരിക്കുന്നതായി കാണുന്നു. ഒരു നിമിഷത്തിൽ 'പാറ'യായിരുന്ന പത്രോസ് അടുത്ത നിമിഷത്തിൽ 'സാത്താനാ'യി മാറുന്നു. നമ്മിലെല്ലാം പാറയും സാത്താനും ഒളിച്ചിരിപ്പുണ്ട്. പാറപോലെ ഉറച്ച വിശ്വാസത്തിൽനിന്നും ആടിയുലയുന്ന വിശ്വാസത്തിലേക്കുള്ള ചാഞ്ചാട്ടം നമ്മിലും ദൃശ്യമല്ലേ? കർത്താവിന്റെ മുന്നറിയിപ്പുകളെ തള്ളിക്കളയുന്നവനിൽ സംഭവിക്കുന്ന തകർച്ചയാണ് പത്രോസിൽ നാം കാണുന്നത്.

ഹന്നാസും കയ്യാഫാസും തങ്ങളിൽ നിക്ഷിപ്തമായ അധികാരം തിന്മയ്ക്കായി ദുരുപയോഗിക്കുന്നവരുടെ പ്രതീകമാണ്. പുരോഹിതസ്ഥാനത്തിനു ലഭിച്ച വിശുദ്ധിയുടെ മുദ്രയുപയോഗിച്ച് സ്വന്തം താൽപര്യങ്ങൾ നിറവേറ്റുവാൻ ഇവർ ശ്രമിക്കുന്നു. വളഞ്ഞ വഴികളിലൂടെ അവർ ലക്ഷ്യം പ്രാപിക്കുകയും ചെയ്യുന്നു.

നഷ്ടം സഹിക്കാനിഷ്ടപ്പെടാതെ നന്മ ചെയ്യുവാനാഗ്രഹിക്കുന്നവരുടെ പ്രതിനിധിയാണ് പീലാത്തോസ്. സ്വയം നഷ്ടം സഹിക്കേണ്ടിവരുമെന്ന തോന്നലുണ്ടായപ്പോൾ നീതിമാനെ ക്രൂശിക്കുവാനായി വിട്ടുകൊടുത്ത് പീലാത്തോസ് തിരശീലയ്ക്കു പിന്നിലേക്ക് വലിയുന്നു. ഭർത്താവിന്റെ പ്രവൃത്തിയുടെ ഫലമായി ഉറക്കം നഷ്ടപ്പെടുന്ന ക്ലോഡിയ അപരന്റെ തിന്മയുടെ കർമ്മഫലം ഏറ്റുവാങ്ങുന്നവരുടെ പ്രതിനിധിയായി നിൽക്കുന്നു.

തന്നിലും അപരനിലും തിന്മ കാണുന്നവരുടെ പ്രതീകമാണ് ഇടതുവശത്തെ കള്ളൻ. ഈ ലോകജീവിതം അല്പംകൂടി നീട്ടിക്കിട്ടുവാൻ കൊതിക്കുന്നവരുടെ പ്രതിനിധിയായി ആ കള്ളൻ നിലകൊള്ളുന്നു.

# അജ്ഞത നിമിത്തം ജനം നശിക്കാതിരിക്കട്ടെ

▶▶ ഫാ. ജെയിംസ് മഞ്ഞാക്കൽ MSFS

2000 ഏപ്രിലിൽ മെഡ്ജുഗോറിയിൽ ധ്യാനം നയിക്കവേ, ധാരാളം ആളുകൾ ധ്യാനഹാളിനു വെളിയിൽ ശിരസിൽ കൈവച്ചു പ്രാർത്ഥിക്കുന്നതിനായി തടിച്ചുകൂടി. എല്ലാവരും ക്യൂ നിൽക്കുകയാണ്. കഴിഞ്ഞ 12 വർഷത്തിനിടയിൽ 97 രാജ്യങ്ങളിൽ വചനപ്രഘോഷണം നടത്തിയിട്ടുണ്ടെങ്കിലും, ക്രൊയേഷ്യക്കാരെപ്പോലെ വിശ്വാസമുള്ള ഒരു ജനതയെ ഞാൻ വേറെങ്ങും കണ്ടിട്ടില്ല. ഒരു നോട്ടമോ ഒരു സ്പർശനമോ തിരുവസ്ത്രത്തിന്റെ ഒരു ഉരസലോ മതി അവർക്കു രോഗശാന്തി കിട്ടാൻ.

ധ്യാനത്തിന്റെ രണ്ടാം ദിവസം പുറത്തിറങ്ങിയപ്പോൾ ഒരു വലിയ ജനക്കൂട്ടം പ്രാർത്ഥനയ്ക്കായി കാത്തിരിപ്പുണ്ടായിരുന്നു. എല്ലാവരുടെയും തലയിൽ ഒന്നു തൊട്ട് ദൈവം അനുഗ്രഹിക്കട്ടെ, സുഖപ്പെടുത്തട്ടെ എന്നൊക്കെ ധൃതിയിൽ പ്രാർത്ഥിച്ചു പോകാനേ തരമുള്ളൂ. അന്നത്തെ അവിടുത്തെ ഡയറക്ടറായിരുന്ന സ്ലാവുകോ അച്ചൻ എല്ലാവരെയും വരിവരിയായി നിർത്തുകയാണ്. ആ സമയത്ത് ഒരു ഇംഗ്ലീഷുകാരി സ്ത്രീ അച്ചന്റെ നേരെ പാഞ്ഞുചെന്നു പറഞ്ഞു: "എനിക്ക് ക്യൂ നിൽക്കാൻ പറ്റില്ല. വേഗം എനിക്ക് തിരിച്ച് പോകണം." ഒരു മന്ദസ്മിതത്തോടെ അച്ചൻ മറുപടി പറഞ്ഞു; "ആദ്യം വരുന്നവർ ആദ്യം."

അച്ചനെ ക്രുദ്ധമായി നോക്കി മുഖത്ത് ആഞ്ഞു തുപ്പിക്കൊണ്ട്, "എനിക്കറിയാം എന്തു ചെയ്യണമെന്ന്" എന്ന് ആക്രോശിച്ചുകൊണ്ട്, ശകാരവാക്കുകളും അസഭ്യങ്ങളും പറഞ്ഞുകൊണ്ട് എന്റെ കഴുത്തിനു പിടിക്കാൻ അവർ ഓടിയെത്തി. ദൈവകൃപയാൽ നാലഞ്ചു ക്രൊയേഷ്യൻ ശുശ്രൂഷകർ അവളെ തടയുകയും പുറത്തേക്ക് കൊണ്ടുപോകുകയും ചെയ്തു.

മിക്ക യൂറോപ്യൻ രാജ്യങ്ങളിലും ഇങ്ങനെയുള്ള പിശാചുബാധിതർ, മദ്യപർ, മയക്കുമരുന്നിനടിമകൾ, മാനസികരോഗികൾ എന്നിവരുടെ അക്രമങ്ങൾ പതിവായതിനാൽ സംരക്ഷണത്തിനായി സുരക്ഷാ ഭടന്മാരെ നിയോഗിക്കാറുണ്ട്. എന്റെ മുഖത്തു കാർക്കിച്ചു തുപ്പിക്കൊണ്ട്, ധരിച്ചിരുന്ന ബ്ലൗസിന്റെ ബട്ടണുകൾ മാറ്റിക്കൊണ്ട്, ആ സ്ത്രീ ആക്രോശിക്കാൻ തുടങ്ങി: "എടാ പാവപ്പെട്ട ഇന്ത്യക്കാരാ, താനെന്തിന് ഞങ്ങളെ ഓടിക്കാൻ ഇവിടെ വന്നു. ഞങ്ങളും ഇന്ത്യയിൽനിന്നു വന്നവരാണ്. ഞങ്ങൾ ഇവളിൽനിന്നു വിട്ടുപോവില്ല." പിശാചിന്റെ ഉറച്ച ബന്ധനമാണ് ഇതിന് പിന്നിലെന്ന് എനിക്കു മനസിലായി. ഇവൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സ്ലാവുക്കോ അച്ചനും ഓടിയെത്തി. ഇവൾക്കുവേണ്ടി മാതാവിന്റെ സ്തുതിക്കായി ഒരു വെള്ളിയാഴ്ച ഉപവസിക്കുവാനും ഒൻപത് കുർബാനകൾ അർപ്പിക്കുവാനും ഞങ്ങൾ തീരുമാനിച്ചു. ദൈവത്തെ സ്തുതിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴും അവൾ ശാപവാക്കുകൾ തുടരുകയായിരുന്നു. "നിങ്ങളുടെ കള്ളക്കുർബാനയും പ്രായശ്ചിത്തവും ഒന്നും ഞങ്ങളെ ഓടിക്കില്ലെടാ... എടോ കള്ള ജയിംസച്ചാ, ഞങ്ങളും ഇന്ത്യക്കാരാണ്."

ഇത്തരം പിശാചുബാധിതരെ ആദ്യം കാണുകയാണെന്ന് ഫാ. സ്ലാവുക്കോ പറഞ്ഞു. അഞ്ചു തിരുശേഷിപ്പുകൾ ഉൾക്കൊള്ളുന്ന ബനഡിക്ടൈൻ ക്രൂശിതരൂപത്തിന്റെയും ഹന്നാൻ വെള്ളത്തിന്റെയും സാന്നിധ്യത്തിൽ ആ വെള്ളക്കാരിയോടു പേരു ചോദിച്ചപ്പോൾ ആദ്യം വിസമ്മതിച്ചെങ്കിലും പിന്നീട് 'ലൂസിഫർ' എന്നു പറഞ്ഞു. പിശാചുബാധിതരിൽ ബഹുഭൂരിപക്ഷവും പറയുന്ന പേരാണിത്. പിന്നീട് തുടർച്ചയായുള്ള ചോദ്യത്തിൽ, "ഞാൻ കാളിയാണെന്നും മിസ്റ്റർ യോഗയാണെന്നമൊക്കെയായിരുന്നു മറുപടി. ഞാൻ അവളുടെ മറുപടിയിലെ പൊരുത്തക്കേടുകളാണ് ശ്രദ്ധിച്ചത്. ഏറെ നേരത്തെ വിടുതൽ പ്രാർത്ഥനയ്ക്കുശേഷം കുരിശുരൂപം ചുംബിപ്പിച്ചു ഹന്നാൻ വെള്ളം തളിച്ചപ്പോൾ അവൾ നിലംപതിച്ചു.

സുബോധം കിട്ടി എഴുന്നേറ്റപ്പോൾ ഞങ്ങളുടെ മുഖത്തു തുപ്പിയതിനും അസഭ്യം പറഞ്ഞതിനും ക്ഷമാപണംനടത്തി. അവൾ തന്റെ ജീവിതകഥ പറയാൻ തുടങ്ങി. എന്നും ദിവ്യബലിയിൽ പങ്കുകൊള്ളുകയും ജപമാല ചൊല്ലുകയും ചെയ്തിരുന്ന അവളുടെ പേര് അനിത എന്നാണ്. ലണ്ടനിലെ തന്റെ ക്ലിനിക് അവൾ പിശാചിനു സമർപ്പിച്ചിരുന്നു. പൈശാചികതയുടെ പ്രതീകമായ നിരവധി ചിത്രങ്ങളും പ്രതിമകളും അവിടെ സ്ഥാപിച്ചിരുന്നു. എല്ലാ വർഷവും ഇന്ത്യയിലെത്തി അനിത ഇവിടുത്തെ 'മനുഷ്യദൈവങ്ങളെ' സന്ദർശിക്കുക പതിവായിരുന്നു. 'യോഗ' യിലൂടെയാണ് അവൾ ദിവസം ആരംഭിക്കുന്നത്. ക്ലിനിക്കിൽ വരുന്ന രോഗികളോടും ഇവയെല്ലാം നല്ലതാണെന്നും നിത്യേന ചെയ്യണമെന്നും ഉപദേശിച്ചിരുന്നു. അവൾ കുമ്പസാരിച്ചിട്ട് ഏതാണ്ട് 20 വർഷം കഴിഞ്ഞിരുന്നു. കുമ്പസാരിക്കാൻ പോകുമ്പോഴെല്ലാം അവളെ ഏതോ അജ്ഞാതശക്തി തടഞ്ഞുനിർത്തുമായിരുന്നുവത്രേ. "വൈദികർ പാപികളാണ്. അവരോടു കുമ്പസാരിക്കരുത്" എന്ന് അവളുടെ ഉള്ളിൽ കുടികൊണ്ട പൈശാചിക ശക്തി അവളെ ഓർമ്മിപ്പിക്കും. ഒടുവിൽ ബന്ധനത്തിൽനിന്നും പ്രാർത്ഥനയിലൂടെ വിമുക്തയായ അവൾ ഒരു നല്ല കുമ്പസാരം നടത്തി. ലണ്ടനിൽ തിരിച്ചെത്തിയ അവൾ തന്റെ ക്ലിനിക്ക് വിറ്റ് മറ്റൊരു സ്ഥലത്ത് ഒരു ഇംഗ്ലീഷ് ഫാർമസി നടത്തി, ഒരു ഉത്തമ കത്തോലിക്കാജീവിതം നയിക്കുകയാണിപ്പോൾ.

പിശാചിലും അവന്റെ കുതന്ത്രങ്ങളിലുമുള്ള വിശ്വാസമാണ് യൂറോപ്പിലെ വിശ്വാസജീവിതത്തെ തകർത്തതിൽ പ്രധാനഘടകം. യൂറോപ്പിൽ 45 ശതമാനം പേരും ഒരു ദൈവത്തിലും വിശ്വസിക്കാത്തവരാണെന്നും 26 ശതമാനം പേർ പിശാചിനെ ആരാധിച്ച് പിശാചിന്റെ ബന്ധനത്തിലകപ്പെട്ടവരുമാണെന്ന് ജർമ്മനിയിലെ ഒരു പ്രമുഖ ദിനപത്രം റിപ്പോർട്ട് ചെയ്തത് ഓർക്കുന്നു.

യൂറോപ്പിൽ 150,000 സാത്താൻ ആരാധനാ കേന്ദ്രങ്ങളുണ്ടെന്നാണ് കണക്ക്. ഇവ രജിസ്റ്റർ ചെയ്ത ആരാധനാലയങ്ങളുടെ കണക്കിൽ നിന്നാണിത്. അങ്ങനെയെങ്കിൽ അറിയപ്പെടാത്തതും രജിസ്റ്റർ ചെയ്യാത്തതുമായി എത്ര അധികമുണ്ടാകും? ഇന്ത്യയിൽനിന്നുള്ള 'മനുഷ്യദൈവങ്ങൾക്ക്' യൂറോപ്പിൽ നല്ല മതിപ്പാണ്.

**യൂറോപ്പിൽ 150,000 ത്തോളം സാത്താൻ ആരാധനാ കേന്ദ്രങ്ങളുണ്ടത്രേ. ഇവ രജിസ്റ്റർ ചെയ്ത ആരാധനാലയങ്ങളുടെ കണക്കാണ്. അങ്ങനെയെങ്കിൽ അറിയപ്പെടാത്തവയായി എത്ര അധികമുണ്ടാകും. ഇന്ത്യയിൽനിന്നുള്ള 'മനുഷ്യദൈവങ്ങൾക്ക്' യൂറോപ്പിൽ നല്ല മതിപ്പാണ്. അവരെ കാണാനും സ്പർശിക്കാനും ഒരു ചുംബനം കിട്ടാനും രാവിലെ മുതൽ ആളുകൾ ടിക്കറ്റെടുത്ത് ക്യൂ നിൽക്കും. അവരുടെ പേരിൽ ധാരാളം ഗ്രൂപ്പുകൾ യൂറോപ്പിൽ പ്രവർത്തിക്കുന്നുമുണ്ട്. ഇന്ത്യയിൽ നിന്നോ ടിബറ്റിൽനിന്നോ അഭ്യസിച്ച 'യോഗ മാസ്റ്റർമാർ, റെയ്കി മാസ്റ്റർമാർ, മന്ത്ര – തന്ത്ര – കൂടോത്രവാദികൾ എല്ലാം യൂറോപ്പിൽ സുലഭമാണ്.**

അവരെ കാണാനും സ്പർശിക്കാനും ഒരു ചുംബനം കിട്ടാനും രാവിലെ മുതൽ ആളുകൾ ടിക്കറ്റെടുത്ത് ക്യൂ നിൽക്കാറുണ്ട്. അവരുടെ പേരിൽ ധാ രാളം ഗ്രൂപ്പുകൾ യൂറോപ്പിൽ പ്രവർത്തിക്കുന്നുമുണ്ട്. ഇന്ത്യയിൽ നിന്നോ ടിബറ്റിൽനിന്നോ അഭ്യസിച്ച 'യോഗ മാസ്റ്റർ മാർ, റെയ്കി മാസ്റ്റർമാർ, മന്ത്ര-തന്ത്ര-കൂടോത്രവാദികൾ എല്ലാം യൂറോപ്പിൽ സുലഭമാണ്. രാഷ്ട്രീയക്കാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ ഉൾപ്പെടെയുള്ള വിദ്യാസമ്പന്നരും വൻ ധനാഢ്യരും ഇന്ന് ചെകുത്താൻസേവയ്ക്ക് പിന്നാലെയാണ്.

യൂറോപ്പിൽ കഴിഞ്ഞ 12 വർഷത്തിനിടയിൽ സംഘടിപ്പിച്ച ധ്യാനങ്ങളിലൂടെ, പിശാചിനെ ആരാധിച്ചിരുന്നവരും സാത്താന്റെ ആലയങ്ങളിലെ അംഗങ്ങളായിരുന്നവരുമായ നൂറുകണക്കിന് ആളുകളുടെ അനുഭവങ്ങൾ എനിക്കറിയാം. അവരിൽ നിന്നാണ് അവരുടെയിടയിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് അറിയാനിടയായത്. ദൈവത്തെയും ക്രിസ്തുവിനെയും തള്ളിപ്പറഞ്ഞ്, ക്രൂശിതരൂപവും മാതാവിന്റെ രൂപവും തകർത്തുകൊണ്ടും അവർ പിശാചിനെ 'നാഥ'നായി സ്വീകരിച്ചു. അവന്റെ ശക്തിയിൽ ജീവിതം നയിച്ചു. ദൈവാലയങ്ങളിൽനിന്നും തിരുവോസ്തി കരസ്ഥമാക്കി ക്രിസ്തുവിനെ അവഹേളിക്കാൻ ആ ഗ്രൂപ്പുകളിലെ നേതാക്കന്മാർ ഏതു മാർഗവും എത്ര പണവും മുടക്കാൻ തയാറാണ്. ഇവരുടെ ഗ്രൂപ്പുകളിൽ നടക്കുന്ന കാര്യങ്ങൾ അറപ്പും വെറുപ്പും ഉണ്ടാക്കുന്നവയാണ്. മദ്യം-മയക്കുമരുന്നു സേവയും ലൈംഗീക അരാജകത്വവും അരങ്ങേറുന്നതാണ് ഇത്തരം കൂട്ടായ്മകൾ. അവരെയും അവരുടെ കുടുംബങ്ങളെയും പിശാചിനു കാഴ്ചവയ്ക്കുക, അലസിപ്പോയതോ അലസിപ്പിച്ചതോ ആയ ഗർഭസ്ഥ ശിശുവിന്റെ ഭ്രൂണം വറുത്തുതിന്നുക, മനുഷ്യരക്തം നക്കിക്കുടിക്കുക തുടങ്ങിയവ അവിടെ നടക്കുന്ന മ്ലേച്ഛതകളിൽ ചിലതു മാത്രം. ചിലർ ക്രൂശിതരൂപം തലകീഴായാണ് ധരിക്കുന്നത്. അപ്രകാരം പച്ചകുത്തും. മാതാവിനെ നഗ്നയായി ചിത്രീകരിക്കും! എവിടെങ്കിലും ക്രൂശിതരൂപമോ മാതാവിന്റെ പ്രതിമയോ കണ്ടാൽ കാർക്കിച്ചു തുപ്പും! എന്റെ കാറിൽ കൊന്തയും ഗ്ലാസിൽ 'Jesus loves you' എന്ന സ്റ്റിക്കറും പതിച്ചിട്ടുണ്ട്. കാറു നിറുത്തി അകത്തിരിക്കുമ്പോൾ ഇവർ എന്റെ കാറിൽ കാർക്കിച്ചു തുപ്പുന്നത് പല തവണ കണ്ടിട്ടുണ്ട്. യൂറോപ്പിലെ പല സൂപ്പർ മാർക്കറ്റുകളും പല വൻകിട കമ്പനികളും ഇപ്രകാരമുള്ള സാത്താൻ സേവകളിൽ അംഗങ്ങളാണ്. ദൈവാത്മാവിനാൽ നയിക്കപ്പെട്ട്, ക്രിസ്തുവിനും അവന്റെ സഭയ്ക്കുമായി നിലകൊള്ളുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് സാത്താന്റെ വെല്ലുവിളികളും അന്ധകാരശക്തിയുടെ പ്രലോഭനങ്ങളും നേരിടേണ്ടിവരും. അതിനാൽ ഏറെ പ്രാർത്ഥിച്ചൊരുങ്ങിയും വിമോചന പ്രാർത്ഥന നടത്തിയും കർതൃസ്തുതികൾ ഇടവിടാതെ ഉരുവിട്ടുമാണ് ഞാനും എന്റെ ടീമുകളും യൂറോപ്പിൽ പ്രവർത്തിക്കുന്നത്. പിശാചിന്റെ അദൃശ്യകരങ്ങളെയും അവന്റെ പ്രവർത്തനങ്ങളെയും കർത്താവിന്റെ വെളിച്ചത്തിലും കൃപയിലും നടക്കുന്നവർക്ക് അനുഭവപ്പെടും.

എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? ഒന്നാമത്തെ കാരണം മേൽപറഞ്ഞവയൊക്കെ തെറ്റാണെന്നും അവയെ നിരാകരിച്ച് യേശുവിൽ മാത്രം വിശ്വസിച്ചും സഭാനിയമങ്ങൾ അനുസരിച്ചും ജീവിക്കണമെന്ന് വിശ്വാസികളോട് ഉപദേശിക്കുന്ന വൈദികരുടെ എണ്ണം കുറയുന്നുവെന്നതുതന്നെ. പള്ളിപ്രസംഗങ്ങൾ വിരസമാകുന്നു. ഇടവകകളിലൊന്നും തന്നെ വേദപാഠക്ലാസുകൾ ഇല്ല. കേരളത്തിൽ 12 ക്ലാസുവരെ മതപഠന ക്ലാസുകളുണ്ട് എന്നു ഞാൻ ഇവരോട് പറയുമ്പോൾ അവരുടെ മറുപടി പുച്ഛം കലർന്നതാണ്. "ജോലിയില്ലാത്ത ഇന്ത്യക്കാർക്ക് അവ പറ്റും, ഞങ്ങൾക്കിതിനൊന്നും നേരമില്ല...."

"അജ്ഞത നിമിത്തം എന്റെ ജനം നശിച്ചു" എന്ന് ഹോസിയാ പ്രവാചകൻ പറഞ്ഞത് ഇവിടെ അന്വർത്ഥമാണ്. ക്രിസ്തു ആര്, കൂദാശകൾ എന്ത്, പ്രാർത്ഥനയുടെ ആവശ്യം എന്ത് എന്നൊന്നും ആരും ഇവരോട് ഉപദേശിച്ചു കൊടുത്തിട്ടില്ല. എന്തുകൊണ്ടിവർ പിശാചിന്റെ ശക്തികളിലേക്ക് പോകുന്നുവെന്നു ചോദിച്ചാൽ, എവിടെയെങ്കിലും ഒരു ശക്തി കണ്ടുപിടിക്കണമല്ലോ? അതുകൊണ്ടവർ പോകുന്നു.

എല്ലാ മനുഷ്യരിലും ഉള്ളിന്റെയുള്ളിൽ ദൈവത്തെ കണ്ടെത്താനുള്ള ആശ കുടികൊള്ളുന്നുണ്ടല്ലോ. മനുഷ്യൻ ദൈവത്തെ, അവന്റെ ഹൃദയാഭിലാഷത്തിന്റെ വിഷയത്തെ കണ്ടെത്താനാകാതെ വരുമ്പോൾ, മറ്റേതെങ്കിലും വിഷയത്തെ തേടിപ്പോവുക സ്വാഭാവികമാണ്. സജീവമായ പ്രാർത്ഥനാനുഭവങ്ങളും കൂദാശാനുഭവങ്ങളും ഇവർക്ക് കൊടുത്തിരുന്നെങ്കിൽ അവർ ഇപ്രകാരം പിശാചിന്റെ പിന്നാലെ പോവില്ലായിരുന്നു.

മനുഷ്യൻ ദൈവത്തിലും മതത്തിലും വിശ്വസിക്കുന്നതിന് ഒരു കാരണം അവരുടെ ജീവിതപ്രശ്നങ്ങൾക്ക് ഒരു പരിധിവരെ ഉത്തരം കണ്ടെത്തുവാനാണ്.

ധ്യാനങ്ങളിലും പ്രാർത്ഥനകളിലും പങ്കുകൊണ്ടിട്ടുള്ള പലരും പറയുന്ന സാക്ഷ്യമിതാണ്: "ഇപ്രകാരം ശക്തിയനുഭവങ്ങളും സന്തോഷവും സംതൃപ്തിയും നൽകുന്നതാണ് കത്തോലിക്കാ സഭയെന്നറിഞ്ഞിരുന്നെങ്കിൽ, ഞങ്ങൾ ഒരിക്കലും അതുവിട്ടു മറ്റു മാർഗങ്ങളിലേക്ക് പോവില്ലായിരുന്നു."

കേരളത്തിലെ കരിസ്മാറ്റിക് പ്രാർത്ഥനകളും അനുഭവം നൽകുന്ന ദിവ്യബലികളുമാണ് ഇന്ന് നമ്മുടെ ജനങ്ങളെ ക്രിസ്തുവിലുള്ള വിശ്വാസത്തിലും സഭയിലും പിടിച്ചു നിർത്തുന്നത്. എന്നാൽ സമീപകാലത്തായി കാണുന്ന ആന്റികരിസ്മാറ്റിക് പ്രവണതയും അനുഷ്ഠാനങ്ങൾക്കും ആചാരങ്ങൾക്കും വേണ്ടിയുള്ള അമിതഊന്നലുകളും ഒരുപക്ഷേ പലരെയും യൂറോപ്പിലെന്നതുപോലെ ക്രിസ്തുമാർഗം ഉപേക്ഷിക്കാനും ഇതര മാർഗങ്ങളിലേക്കു തിരിക്കാനും കാരണമാകാൻ സാധ്യതയുണ്ട്. ഈ അപകടസാധ്യത തിരിച്ചറിഞ്ഞ് നാം കൂടുതൽ ജാഗ്രത പുലർത്തിയില്ലെങ്കിൽ നമ്മുടെ നാടും മറ്റൊരു യൂറോപ്പായി മാറും.

## കത്തുകൾ

### 'ഈവനിംഗ് വെഡ്ഡിംഗും നൈറ്റ് പാർട്ടിയും'

വിവാഹമെന്ന കൂദാശയും കുടുംബജീവിതത്തിന്റെ കെട്ടുറപ്പും സമൂഹത്തിന്റെ നിർണായകഘടകങ്ങളാണ്. ബന്ധങ്ങളുടെ അമൂല്യതയെയും ജീവിതത്തിന്റെ വിശുദ്ധിയെയും ഒക്കെ തകിടം മറിക്കുന്ന അത്യന്താധുനിക ചിന്താഗതികളും പ്രവർത്തനങ്ങളുമൊക്കെ രൂപമെടുക്കുന്നതും നാമിന്നു കണ്ടുകൊണ്ടിരിക്കുന്നു. ആധ്യാത്മികതയെ ഉന്മൂലനം ചെയ്യുംവിധമുള്ള ഭൗതികവാദങ്ങളും ഏറിവരുന്നു. ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന നമ്മുടെ ആത്മീയ നിസംഗത തിരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വിവാഹാശീർവാദകർമ്മങ്ങൾക്കും തുടർ പരിപാടികൾക്കുമൊക്കെ സഭ അനുനിമിഷം നിയമങ്ങളും നിർദ്ദേശങ്ങളും പുറപ്പെടുവിക്കാറുണ്ട്. എന്നാൽ ഏതു നിയമങ്ങളും 'നിയമാനുസൃതം' തന്നെ മറികടക്കാനുള്ള ചില 'ലൂപ്പ്ഹോൾസും' അതിൽ കാണാം. മനുഷ്യരുടെ സ്വാർത്ഥതാല്പര്യങ്ങളിലേക്ക് ഇത്തരം നിർദ്ദേശങ്ങൾ പകർത്തി യാതൊരു മടിയും കൂടാതെ പല അനുഷ്ഠാനങ്ങളെയും ആഘോഷങ്ങളിൽ മുക്കിയെടുക്കുന്ന കാഴ്ചയാണ് കാണുന്നത്.

സന്ധ്യാനേരത്തോടനുബന്ധിച്ച് വിവാഹാശീർവാദവും തുടർന്ന് പേരുകേട്ട റിസോർട്ടുകളിൽ വിരുന്നും നടത്തുന്ന ആധുനികരീതി സാധാരണമാകുന്നു. ഇതുപോലെതന്നെ മനസ്സമ്മതവും മാമ്മോദീസയും ജന്മദിനാഘോഷവും വിവാഹജൂബിലിയും ഒക്കെ അരങ്ങേറാൻ തുടങ്ങിയിരിക്കുന്നു. വിവാഹത്തിന്റെ ആദ്യദിനംതന്നെ മദ്യവും ധൂർത്തും ആട്ടവും പാട്ടുമൊക്കെ ആകുമ്പോൾ ദാമ്പത്യജീവിതത്തിന്റെ ഭാവി എങ്ങിനെ ശോഭനമാകും? കാർമികരും ഇത്തരം രാത്രിവിരുന്നുകളിൽ പങ്കാളികളാകേണ്ടിവരുന്നതിലെ 'ദുരന്തം' തിരിച്ചറിയണം. മുഖംനോക്കാതെ ഇത്തരം ആർഭാടങ്ങളെ വിശുദ്ധമായ വേലിക്കെട്ടിനുള്ളിൽനിന്നും മാറ്റിനിർത്താൻ തയാറാകണം.

കൂദാശകളെയും അനുബന്ധ ശുശ്രൂഷകളെയും ദൈവികസാന്നിധ്യത്തിന്റെ നിറവാക്കാൻ ശ്രദ്ധിക്കണം. സമൂഹത്തിലെ പദവിയും സ്വാധീനങ്ങളും പണക്കൊഴുപ്പും കാണിക്കാനുള്ള പ്രദർശനവേളകളല്ല കൂദാശ സ്വീകരണ സമയങ്ങൾ എന്നറിയണം. മദ്യത്തിനെതിരെ സന്ധിയില്ലാ സമരം നടത്തുന്ന ക്രൈസ്തവരുടെ ആഘോഷങ്ങളിലെ മദ്യവിതരണം കണ്ട് സമൂഹമാകെ ലജ്ജിച്ചുപോകും! വിവാഹത്തലേന്ന് കല്യാണവീടുകൾ ബാർ അറ്റാച്ച്ഡ് ഹോട്ടലുകളായി മാറുന്ന കാഴ്ചയാണ് എങ്ങും കാണുന്നത്. 'കുടിക്കല്യാണം' എന്നുപോലും ഇതിനു പേരു വീണുകഴിഞ്ഞു. നമ്മുടെ ആഘോഷങ്ങളുടെയും ആചാരങ്ങളുടെയും ഇടനാഴിയിലെ മുഖ്യാതിഥി 'ലഹരി'യായി മാറുന്നത് ദുഃഖകരവും ദൂരവ്യാപകമായ ദുരന്തം വരുത്തിവയ്ക്കുന്നതുമാണ്.

കുട്ടികളും സ്ത്രീകളുമൊക്കെ അല്പാല്പം രുചിക്കാൻ തുടങ്ങിയിരിക്കുന്നു; ആഘോഷങ്ങളുടെ ഭാഗമായതുകൊണ്ട് 'സാരമില്ലാ'യെന്ന് പറയുന്ന മുതിർന്നവരും ധാരാളം!

ഈവനിംഗ് വെഡ്ഡിംഗും നൈറ്റ് പാർട്ടിയും കഴിഞ്ഞുള്ള മടക്കയാത്രയിൽ വാഹനാപകടങ്ങൾ സാധാരണമാകുന്നു. വിശുദ്ധ വിചാരങ്ങൾ പടിയിറങ്ങി വിവേകശൂന്യമായ ഇടപെടലുകൾവഴി ബന്ധങ്ങൾ മുറിയാനും ആയുഷ്ക്കാല വേദനകൾ സമ്മാനിക്കാനും ഇത്തരം വേളകൾ കാരണമായേക്കും. മണവാളനും മണവാട്ടിയും ഒറ്റപ്പെടാനും പ്രാർത്ഥനയുടെ ശുഭാരംഭത്തിന് ഭംഗം വരാനും ഇടയാക്കിയേക്കും.

നമുക്കിടയിൽ ഇത്രമാത്രം മദ്യദുരന്തങ്ങളും അനുബന്ധപ്രശ്നങ്ങളും ഉണ്ടായിട്ടും നമ്മുടെ സ്വന്തം ആഘോഷങ്ങളിൽ നിന്നുപോലും മദ്യത്തെ ഒഴിവാക്കാനും അതിന് സാഹചര്യമൊരുക്കാതിരിക്കാനും സാധിക്കാത്തത് എന്തുകൊണ്ട്? മദ്യത്തിന് വി.ഐ.പി മുഖവും അല്ലാത്തതുമില്ല; വില്ലന്റെ മുഖം മാത്രമേയുള്ളൂ. അല്പം കഴിക്കുന്നവരും അധികം കഴിക്കുന്നവരും മദ്യപരാണെന്ന സാമാന്യതത്വം നാം മനസിലാക്കണം. പ്രാർത്ഥനയ്ക്കും കൂട്ടായ്മകൾക്കും ഇതര ആധ്യാത്മികനേതൃരംഗത്തും സജീവമായിട്ടുള്ളവർപോലും മദ്യസൽക്കാരം വലിയ ആഢ്യത്തോടെ ഏറ്റുവാങ്ങുന്നത് ദയനീയം തന്നെ. ഇത്രമാത്രം മദ്യവിരുദ്ധ പ്രസ്ഥാനങ്ങളും ധ്യാനങ്ങളും ചികിത്സാരീതികളും ഒക്കെ നടക്കുന്ന നമുക്കിടയിലെ വിരുന്നുകൾ വിവേകശൂന്യമായ മദ്യസൽക്കാരങ്ങൾകൊണ്ട് വികലമാക്കുന്നത് തിരുത്തണം.

– റ്റോം ജോസ് തഴുവംകുന്ന്

### 'ആധുനിക' മനുഷ്യന് ജപ്പാൻ നൽകുന്ന പാഠം

ലോകത്തെ ഞെട്ടിച്ച ജപ്പാൻ ദുരന്തം നമുക്ക് പാഠമാകണം. അത്യന്താധുനിക സാങ്കേതികവിദ്യ കൈപ്പിടിയിലാക്കിയ ജപ്പാൻ രണ്ടാം ലോക മഹായുദ്ധത്തിലെ അണുബോംബാക്രമണത്തിൽനിന്നും അവിശ്വസനീയ വേഗത്തിൽ ഉയിർത്തെഴുന്നേൽക്കുകയായിരുന്നു.

സുനാമിയെത്തുടർന്നുള്ള രാക്ഷസത്തിരമാലകളിൽ കളിപ്പാട്ടം കണക്കെ വിമാനങ്ങളും കാറുകളും ഒഴുകി നടക്കുന്നതു നാം കണ്ടു. ഭൂകമ്പ മേഖലയായ ജപ്പാനിലെ കെട്ടിടങ്ങളെല്ലാം റിക്ടർ സ്കെയിലിൽ തീവ്രത ആറ്വരെ രേഖപ്പെടുത്തുന്ന ഭൂകമ്പത്തെ ചെറുക്കാൻ ശേഷിയുള്ളതാണ്. എന്നാൽ ഒൻപത് രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ, അത്യധികം ഉറപ്പിൽ കെട്ടിപ്പൊക്കിയ ആണവനിലയങ്ങൾ പോലും അപകടത്തിലായി.

ചെർണോബിൽ ആണവദുരന്തത്തെ ഓർമിപ്പിക്കുന്ന ജപ്പാനിലെ ആണവപ്രസരണ ഭീഷണി ലോകം ഉൽക്കണ്ഠയോടെയാണ് വീക്ഷിക്കുന്നത്.

സൃഷ്ടിയെ ആരാധിക്കാതെ സൃഷ്ടവസ്തുക്കളുടെ പിന്നാലെ പോകുന്ന ആധുനിക മനുഷ്യർക്കും വിശിഷ്യാ നമുക്കും ജപ്പാൻ പാഠമാകണം. ദൈവം ഒരു സെക്കന്റ് വിചാരിച്ചാൽ മനുഷ്യൻ കെട്ടിപ്പടുത്ത ബാബേൽ ഗോപുരങ്ങളാകുന്ന ശാസ്ത്ര–സാങ്കേതിക വിദ്യകൾ തകർന്നു തരിപ്പണമാകും.

മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, പുതുപുത്തൻ കാർ, കൊട്ടാരസദൃശ്യമായ വീട്, സൗന്ദര്യം, പദവി ഇവയുടെ പിന്നാലെ ദൈവത്തെ ഉപേക്ഷിച്ച് നാം വ്യർത്ഥമായി ഓടുന്നു. അടങ്ങാത്ത ലൈംഗികാസക്തിയിൽ ബന്ധങ്ങൾപോലും ഉലയുന്ന കാഴ്ചയാണെങ്ങും. സഭാ കോടതികളിൽ വിവാഹമോചനത്തിനുള്ള അപേക്ഷകൾ പെരുകുന്നു. നല്ല ജോലിയും കൈനിറയെ പണവുമുണ്ടെങ്കിൽ കല്യാണവും മക്കളും വേണ്ടെന്നാണ് മോസ്റ്റ് മോഡേൺ ടെക്നോ സുന്ദരന്മാരുടെയും സുന്ദരിമാരുടെയും മതം.

ദൈവത്തിൽ വിശ്വസിച്ച്, ആശ്രയിച്ച്, ആരാധിച്ചു വേണം മനുഷ്യന്റെ വളർച്ചയും വികാസവും വികസനവും വിജയവുമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിന് ഒന്നാം സ്ഥാനം കൊടുത്തില്ലെങ്കിൽ വെള്ളം വീണ ചിതൽക്കൂട് കണക്കെ മനുഷ്യന്റെ അധ്വാനവും പ്രയാണവുമെല്ലാം വ്യർത്ഥമാകും.

– ജെറാൾഡ്,
തിരുവനന്തപുരം

### കോഴിക്കോട് രൂപതയ്ക്ക് ദൈവം നൽകിയ സമ്മാനം

കോഴിക്കോട്- കണ്ണൂർ ജില്ലകളുടെ ഓണംകേറാമൂലകളായ മലയിടുക്കുകളിലേക്ക് അന്നവും അഭയവും തേടി, തിരുവിതാംകൂറിൽനിന്നും കുടിയേറിയവർക്ക് അഭയവും ആശ്രയവും ആലംബവും ആയിരുന്നല്ലോ 'കോഴിക്കോട്' രൂപത. അതിന്റെ ആന്തരിക- ആത്മീയ ബന്ധമെന്ന നിലയിൽ ആയിരിക്കണം സർവശക്തനായ ദൈവം കോഴിക്കോടു രൂപതയുടെ സാരഥിയായ ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിലിനെ വത്തിക്കാനിലേക്ക്, ചിതറിക്കിടക്കുന്നവരുടെ അജപാലകനായി നിയോഗിച്ചത്.

ആദ്യകാല കുടിയേറ്റക്കാരെ അന്വേഷിച്ചു കണ്ടെത്തി, പുല്ലുകൊണ്ടും ഓലകൊണ്ടും ഷെഡ്ഡുകൾ കെട്ടി, ആത്മീയഭോജനത്തോടൊപ്പം മരുന്നും ആഹാരവും നൽകി, പാവപ്പെട്ട കുടിയേറ്റ കർഷകജനതയെ പരിപാലിച്ച കോഴിക്കോടു രൂപതയിലെ അഭിവന്ദ്യ മെത്രാന്മാരെയും വൈദികരെയും സന്യസ്തരെയും എത്രമാത്രം സ്മരിച്ചാലും മതിവരില്ല. അവരൊക്കെ ഇന്ന് സ്വർഗത്തിൽ അതിന്റെ ഫലം അനുഭവിക്കുമ്പോൾ, ലോകമെങ്ങുമുള്ള അഭയാർത്ഥികൾക്ക് അജപാലകനായി, മാർഗദർശിയായി, അഭിവന്ദ്യ കളത്തിൽപ്പറമ്പിൽ പിതാവിന്റെ സേവനം അനുഗ്രഹവും ആശ്വാസവും ആകട്ടെയെന്ന് ആശംസിക്കുന്നു. അതിനായി പ്രാർത്ഥിക്കുന്നു.

– ഫാ. കെ.ടി. മാത്യു

### വിദ്യാഭ്യാസ സ്വാതന്ത്ര്യം എന്നും നിലനിലക്കണമെങ്കിൽ....

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നന്നായി പ്രവർത്തിച്ച് അടുത്ത തിരഞ്ഞെടുപ്പുകളിൽ ദൈവവിശ്വാസികൾക്കും ജനാധിപത്യവിശ്വാസികൾക്കും വിജയം ലഭിച്ചിരുന്നെങ്കിൽ എന്നാശിക്കുകയാണ്. എന്തെന്നാൽ നമ്മുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യം നിലനിൽക്കണം. കൃഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. കുറെക്കൂടി അധ്വാനശീലം വളരണം. ബീഹാറിൽ നിധീഷ് കുമാർ രണ്ടാം തവണയും ജയിച്ചത് അഴിമതി രഹിതമായി ഭരണം കാഴ്ചവച്ചാണ്. ഈ മാതൃക കേരളത്തിലും ഉണ്ടായിരുന്നെങ്കിൽ... ഇന്ന് ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭകൾ നിയമപ്രകാരം കൂടുകയോ പദ്ധതികൾ തയാറാക്കി പ്രാവർത്തികമാക്കുകയോ ചെയ്യുന്നതായി അറിയുന്നില്ല. ഗവൺമെന്റ് ഉദ്യോഗസ്ഥരും വേണ്ടതുപോലെ സഹകരിക്കുന്നില്ല. ഇവിടെ പറഞ്ഞ പൊതുപ്രശ്നങ്ങൾക്കൊക്കെ പരിഹാരമുണ്ടാകാൻ നാം പ്രാർത്ഥിക്കണം.

– ഫാ.സെബാസ്റ്റ്യൻ തുടിയൻപ്ലാക്കൽ